"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. അനീഷ് പ്രഭാകർ ന്- പ്രത്യേക അവശതാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1197/2026/LSGD    തീയതി,തിരുവനന്തപുരം, 29-06-2026

---

പരാമർശം:- 1. സ.ഉ.(പി) നം. 102/2017/ധന. തിയതി 07/08/2017

2. ശ്രീ. അനീഷ് പ്രഭാകറിന്റെ 17/12/2023 ലെ അപേക്ഷ

3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.04.2026 ലെ LSGD/PD/20829/2024-DEB2 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. അനീഷ് പ്രഭാകർ 16.12.2023-ന് നവകേരള സദസ്സുമായി ബന്ധപ്പെട്ട ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് പോയി മടങ്ങിവരും വഴി വാഹന അപകടത്തിൽപ്പെടുകയും അപകടത്തെത്തുടർന്നുള്ള ചികിത്സയ്ക്കും വിശ്രമത്തിനുമായി 17.12.2023 മുതൽ 29.02.2024 വരെ 75 ദിവസത്തേക്ക് പ്രത്യേക അവശതാവധി അനുവദിക്കണമെന്ന് അപേക്ഷിച്ച് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും പരാമർശം (1) ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് 16.12.2023-ന് നവകേരള സദസ്സുമായി ബന്ധപ്പെട്ട ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് പോയി തിരികെ ഓഫീസിലേക്കുള്ള യാത്രാ മദ്ധ്യേ അപകടത്തിൽപ്പെട്ട് ചികിത്സയിലായിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. അനീഷ് പ്രഭാകർ ന് കെ.എസ്.ആർ ഭാഗം 1 ചട്ടം 98 പ്രകാരം 17.12.2023 മുതൽ 29.02.2024

വരെയുള്ള 75 ദിവസം പ്രത്യേക അവശതാ അവധി  അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.കെ അനിൽ ജോയ്

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ശ്രീ. അനീഷ് പ്രഭാകർ, അസിസ്റ്റന്റ് സെക്രട്ടറി, വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് പത്തനംതിട്ട (*തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന*)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള (എ&ഇ/ആഡിറ്റ്) (തിരുവനന്തപുരം/തൃശ്ശൂർ)

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം

കരുതൽ ഫയൽ (ഇപിബി1/105/2026-തസ്വഭവ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 29-06-2026 12:14:05

സെക്ഷൻ ഓഫീസർ